**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ.കവടിയാർ പി ഓ , 695003 ,**
**തിരുവനന്തപുരം**
**dpvigilance@gmail.com**
**0471-2323286 തീയതി :07/03/2022**

**<u>സർക്കുലർ</u>**

വിഷയം: – പഞ്ചായത്ത് വകുപ്പ് -ജനറൽ പർപ്പസ് ഗ്രാന്റ് ഗഡുക്കൾ യഥാസമയം കൃത്യമായി ട്രഷറി അക്കൌണ്ടിൽ വരവ് വെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു.

സൂചന: –
1. സർക്കാരിൽ നിന്നുള്ള 11.05.2018 തീയതിയിലെ നം.238/എഫ്.എം1/2017/തസ്വഭവ നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ ഡി 10 സെക്ഷനിൽ നിന്നുള്ള 21.03.2021 തീയതിയിലെ ഡി10-5748/2019 നമ്പർ കത്ത്.

ഓരോ പ്രാദേശിക സർക്കാരുകൾക്കും അനുവദിച്ചിട്ടുള്ള പൊതു ആവശ്യ ഫണ്ട് അതത് വർഷം തന്നെ അവരുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നു് ഉറപ്പ് വരുത്തേണ്ടത് അതത് പ്രാദേശിക സർക്കാരിലെ സെക്രട്ടറിയുടെയും, ക്ലർക്ക്/ അക്കൌണ്ടന്റിന്റെയും ചുമതലയാണെന്നും, പ്രാദേശിക സർക്കാരുകൾ അതത് സാമ്പത്തിക വർഷം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്ത പൊതു ആവശ്യ ഫണ്ടിന്റെ ഏതു ഗഡുക്കളും തുടർന്നുള്ള വർഷങ്ങളിൽ പുനരനുവദിക്കേണ്ടതില്ലായെന്നുള്ള ഒരു പൊതു നിലപാടാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്നും സർക്കാർ സൂചന(1) ൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ,പാലക്കാട് ജില്ലയിലെ തൃത്താല ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം അനുവദിച്ച ജനറൽ പർപ്പസ് ഗ്രാന്റ് ആയ 70,46,552/- രൂപ യഥാസമയം തനത് ഫണ്ട് അക്കൌണ്ടിൽ വരവ് വെക്കാത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.**മേൽ സാഹചര്യത്തിൽ, ഓരോ ഗ്രാമപഞ്ചായത്തിനും അനുവദിച്ചിട്ടുള്ള പൊതു ആവശ്യ ഫണ്ട് അതത് വർഷം തന്നെ അവരുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവെന്ന് ഉറപ്പ് വരുത്തേണ്ടത് അതത് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെയും ക്ലർക്ക്/ അക്കൌണ്ടന്റിന്റെയും ചുമതലയാണ്. അപ്രകാരം ചെയ്യാത്തതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ടി ജീവനക്കാർ ഉത്തരവാദികളായിരിക്കുന്നതാണ്. ആയതിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.**

M P AJITHKUMAR
ADDITIONAL DIRECTOR

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടറുടെ/പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ/ജോയിന്റ് ഡയറക്ടർമാരുടെ സി എ മാർക്ക്
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും/എല്ലാ ബ്രാഞ്ച് മാനേജർമാർക്കും
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
5. സിസ്റ്റം മാനേജർ

6.കരുതൽ/അധികം

Signature Not Verified

Digitally signed by Ajith Kumar M P
Date: 2022.03.07 11:04:40 IST
Reason: Approved